# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: **4395** **25.10.2016**-ലെ മറുപടിയ്ക്ക്

**<u>ട്രഷറികളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിപ്പുള്ള വസ്തുക്കൾ</u>**

**<u>ചോദ്യം</u>** **<u>ഉത്തരം</u>**

ശ്രീ. ടി.എ. അഹമ്മദ് കബീർ

ശ്രീ. കെ.എം. ഷാജി

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്

ഡോ. റ്റി.എം. തോമസ് ഐസക്

ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | സർക്കാരിന്റെ വിലപിടിപ്പുള്ള സാധന സാമഗ്രികളുടെ സൂക്ഷിപ്പ് ചുമതല സർക്കാർ ട്രഷറികൾ ഇപ്പോഴും നിർവ്വഹിച്ചു വരുന്നുണ്ടോ; | സർക്കാരിന്റെ വിലപിടിപ്പുള്ള സാധനസാമഗ്രികളുടെ സൂക്ഷിപ്പ് ചുമതല ട്രഷറികൾ ഇപ്പോഴും നിർവ്വഹിച്ചു വരുന്നുണ്ട്. |
| (ബി) | എങ്കിൽ ഏതൊക്കെ വിലപിടിപ്പുള്ള വസ്തുക്കളാണ് ട്രഷറികളിൽ സൂക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | വിവിധ സർക്കാർ വകുപ്പുകളിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ കൊണ്ടുവരുന്ന സീൽ ചെയ്ത പെട്ടികൾ, സീൽ ചെയ്ത പാക്കറ്റുകൾ, കോടതി കണ്ടുകെട്ടിയ തൊണ്ടിമുതൽ, പൊതുപരീക്ഷകളുടെ ചോദ്യപേപ്പറുകൾ, പൊതു തെരഞ്ഞെടുപ്പിനുള്ള സാമഗ്രികൾ തുടങ്ങിയവയാണ് ട്രഷറി സ്റ്റോങ് റൂമിൽ സൂക്ഷിക്കുന്ന സാധന സാമഗ്രികളിൽ ഉൾപ്പെടുന്നത്. |
| (സി) | രാജഭരണ കാലത്ത് ട്രഷറികളുടെ സൂക്ഷിപ്പിലുണ്ടായിരുന്ന വിലപിടിപ്പുള്ള വസ്തുക്കൾ, കൈമാറിക്കിട്ടിയവയെ സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാണോ; എങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ? | വിവിധ വകുപ്പുകൾ സീൽ ചെയ്ത പെട്ടികളിൽ കൊണ്ടുവന്ന് സൂക്ഷിക്കുന്നവയുടെ ഉള്ളടക്കം സംബന്ധിച്ച വിവരങ്ങൾ ട്രഷറികളിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ